പതിമൂന്നാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6775 — 13.7.2012 ൽ മറുപടിക്ക്

**സർക്കാർ നിയന്ത്രണത്തിലുള്ള മരുന്ന് വില്പന കേന്ദ്രങ്ങളിൽ ഒരേ മരുന്നിന് വ്യത്യസ്ത വില**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ :<br>ശ്രീ. തോമസ് ചാണ്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള മരുന്നു വില്പന ശാലകളായ എച്ച്. എൽ. എൽ, മെഡിക്കൽ കോളേജ് ആശുപത്രി പേയിംഗ് കൗണ്ടർ, മരുന്ന് വില കുറച്ച് നൽകുന്നതിനായി ആരംഭിച്ച കാരുണ്യ മെഡിക്കൽ സ്റ്റോർ, എസ്. എ. ടി. പേയിംഗ് കൗണ്ടർ എന്നിവിടങ്ങളിൽ ഒരേ മരുന്നിന് വ്യത്യസ്ത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലുള്ള മരുന്നു വില്പനശാലകളായ എച്ച്.എൽ.എൽ, മെഡിക്കൽ കോളേജ് ആശുപത്രി പേയിംഗ് കൗണ്ടർ , മരുന്നു വില കുറച്ച് നൽകുന്നതിനായി ആരംഭിച്ച കാരുണ്യ മെഡിക്കൽ സ്റ്റോർ, എസ്.എ.ടി. പേയിംഗ് കൗണ്ടർ എന്നിവിടങ്ങളിൽ ഒരേ മരുന്നിന് വ്യത്യസ്ത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്. |
| (ബി)ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു; | (ബി ) പ്രസ്തുത സ്ഥാപനങ്ങൾ വ്യത്യസ്ത മാനേജ്മെന്റിന്റെ കീഴിലായതിനാൽ വ്യത്യസ്ത രീതിയിലാണ് വിപണിയിൽ നിന്ന് മരുന്നുകൾ സംഭരിക്കുന്നത്. ഇപ്രകാരം മരുന്നുകൾ ഓരോരുത്തരും വാങ്ങുമ്പോൾ വാങ്ങുന്ന അളവിലുള്ള വ്യത്യാസം കൊ ണ്ട് കമ്പനി നൽകുന്ന ഡിസ്കൗ ണ്ടിൽ വ്യത്യാസം വരാം. വാങ്ങുന്ന വിലയിൽ നിന്നും നിശ്ചിത ലാഭം ഈടാക്കി വിൽക്കുന്നതിനാൽ ഡിസ്കൗ ണ്ടിൽ വരുന്ന വ്യതിയാനം വിൽക്കുന്ന വിലയിൽ പ്രതിഫലിയ്ക്കുന്നു.<br>നിയമ വിരുദ്ധമല്ലാത്തതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ട സാഹചര്യം വന്നിട്ടില്ല. |
| (സി)പാവപ്പെട്ട രോഗികൾക്ക് വിലകുറച്ച് മരുന്ന് ലഭ്യമാക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച കാരുണ്യ മെഡിക്കൽ സ്റ്റോറിൽ ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ അവശ്യംവേണ്ട മരുന്നുകൾ എത്തിക്കാൻ നടപടി സ്വീകരിയ്ക്കുമോ? | (സി) ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ അവശ്യംവേണ്ട മരുന്നുകൾ കാരുണ്യ മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ